**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3194** **11-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ വർഷങ്ങളെ അപേക്ഷിച്ച് സർക്കാർ സ്കൂളുകളിൽ വിവിധ ക്ലാസുകളിൽ ചേരുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ? | (എ) | ഉണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം നേരിയതോതിൽ കുറഞ്ഞു വരുന്നതായി കാണുന്നു. എന്നാൽ കോവിഡിന് മുമ്പുള്ള വർഷങ്ങളിലെ സർക്കാർ സ്കൂളിലെ കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ കാര്യമായ കുറവ് കാണാൻ കഴിയില്ല. 2019-20 അധ്യയന വർഷം 11,68,586 കുട്ടികളും, 2024-25 അധ്യയന വർഷം 11,60,609 കുട്ടികളും സർക്കാർ സ്കൂളിൽ പഠിച്ചിരുന്നു. ഇവ താരതമ്യം ചെയ്യുമ്പോൾ 7,977 കുട്ടികളുടെ കുറവാണ് 2024-25 ൽ ഉണ്ടായിട്ടുള്ളത്.<br><br>കഴിഞ്ഞ വർഷം ഒന്നു മുതൽ ഒമ്പത് വരെ ക്ലാസുകളിൽ പഠിച്ച കുട്ടികളാണ് ഈ വർഷം രണ്ടു മുതൽ 10 വരെ ക്ലാസുകളിലായി പഠിക്കുന്നത്. 2023-24 അക്കാദമിക വർഷം 10,76,404 കുട്ടികളാണ് സർക്കാർ വിദ്യാലയങ്ങളിൽ ഒന്നു മുതൽ ഒമ്പത് വരെ ക്ലാസ്സുകളിൽ ഉണ്ടായിരുന്നത്. ഇത് 2024-25 ൽ 10,67,963 കുട്ടികളായി കുറഞ്ഞിട്ടുണ്ട്. 2024-25 അധ്യയന വർഷം തൊട്ടുമുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ 8,441 കുട്ടികളുടെ കുറവാണ് വന്നിട്ടുള്ളത്. 2023-24 അധ്യയന വർഷവും തൊട്ടുമുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ 4,799 കുട്ടികളുടെ കുറവുണ്ടായിരുന്നു.<br><br>ലോവർ പ്രൈമറി ഘട്ടം സർക്കാർ സ്കൂളിൽ പഠനം പൂർത്തീകരിക്കുന്ന കുട്ടികൾക്ക് അപ്പർ പ്രൈമറി പഠനത്തിനായി തൊട്ടടുത്ത എയ്ഡഡ് സ്കൂളിലും ചേരാമെന്നുള്ളതിനാൽ അതനുസരിച്ചുള്ള കുറവ് സർക്കാർ വിദ്യാലയങ്ങളിൽ ഉണ്ടാവാം. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിന്യാസം ഇടകലർന്നുള്ളത് ആയതിനാൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളെ ഒരു |

| | | | |
|---|---|---|---|
| | | | യൂണിറ്റായി പരിഗണിച്ചുകൊണ്ട് മാത്രമേ കുട്ടികളുടെ എണ്ണത്തെ കാണാൻ കഴിയുകയുള്ളൂ.<br><br>2024 മാർച്ചിൽ 1,47,150 കുട്ടികൾ സർക്കാർ സ്കൂളിൽ നിന്നും പത്താം ക്ലാസ് പഠനം പൂർത്തിയാക്കി അടുത്ത ഘട്ടം വിദ്യാഭ്യാസത്തിന് പോയി. 2024 ജൂണിൽ ഒന്നാം ക്ലാസിൽ എത്തിച്ചേർന്നത് 92,646 കുട്ടികളാണ്. ജനന നിരക്കിൽ വന്ന കുറവ് തന്നെയാണ് സർക്കാർ സ്കൂളിലെയും കുട്ടികളുടെ എണ്ണം കുറയാനുണ്ടായ പ്രധാന കാരണം. |

സെക്ഷൻ ഓഫീസർ